പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3119.

15.02.2013 ൽ മറുപടിക്ക്

**റേഷൻ വിതരണത്തിലെ ക്രമക്കേട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ മോൻസ് ജോസഫ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) എ.പി.എൽ.-ബി.പി.എൽ. വിഭാഗങ്ങൾക്ക് നിലവിൽ ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവും, വിലയും ലഭ്യമാക്കുമോ ; | (എ) സംസ്ഥാന പൊതുവിതരണ സമ്പ്രദായത്തിലൂടെ എ.പി.എൽ.-ബി.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിലൂടെ താഴെപ്പറയുന്ന അളവിലും നിരക്കിലും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ബി.പി.എൽ കാർഡുടമകൾക്ക് 2013 ഫെബ്രുവരി മാസത്തിൽ കിലോഗ്രാമിന് 1/- രൂപ നിരക്കിൽ 25 കിലോഗ്രാം അരിയ്ക്കും 2/- രൂപ നിരക്കിൽ 10 കിലോഗ്രാം ഗോതമ്പിനും അർഹത ഉണ്ടായിരിക്കും. മേൽ പറഞ്ഞതിനു പുറമേ കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 5 കിലോഗ്രാം അരിയും 4.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും ബി.പി.എൽ കാർഡുടമകൾക്ക് ലഭിക്കും. എ.പി.എൽ കാർഡുടമകൾക്ക് കിലോക്ക് 8.90 രൂപ നിരക്കിൽ പരമാവധി 10 കിലോഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കിലോഗ്രാം ഗോതമ്പും ലഭിക്കും. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണപദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പരമാവധി 9 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് 2/- രൂപ നിരക്കിൽ ലഭിക്കും. കൂടാതെ ഇതിനുപുറമേ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ ബി.പി. എൽ. കാർഡ് ലഭിക്കാത്തവരുമായ |

എ.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 19 കിലോഗ്രാം അരിയും 4.70 രൂപ നിരക്കിൽ 6 കിലോഗ്രാം ഗോതമ്പും അധികമായി ലഭിക്കും. എ.എ.വൈ. വിഭാഗത്തിൽ പ്പെട്ടവർക്ക് 1/- രൂപ നിരക്കിൽ 35 കിലോഗ്രാം അരിലഭിക്കും. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കും. കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി.എൽ. എ.എ.വൈ വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും ലഭിക്കും. എ.പി.എൽ. വിഭാഗത്തിൽപെട്ടവർക്ക് കിലോഗ്രാമിന് 12 രൂപ നിരക്കിൽ കാർഡൊന്നിന് 2 കിലോഗ്രാം ആട്ട പ്രതിമാസം ലഭിക്കും.

(ബി) റേഷൻ കടകളിൽനിന്ന് സാധനങ്ങൾ കൃത്യമായ അളവിൽ ലഭിക്കുന്നില്ല എന്നും, നിശ്ചിത വിലയേക്കാൾ കൂടിയ വിലയിൽ വിൽക്കുന്നുവെന്നുമുളള പരാതി ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) എഫ്.സി.ഐ.യിൽ നിന്നും ലിഫ്റ്റ് ചെയ്യുന്ന സാധനങ്ങൾ കൃത്യമായും എ.ആർ.ഡി./എ.ഡബ്ള്യൂ.ഡി.കളിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാരെ എഫ്.സി.ഐ. ഡിപ്പോകളിൽ നിയോഗിക്കാറുണ്ട്. എ.ആർ.ഡി./എ.ഡബ്ള്യൂ.ഡി. കളിൽ ഇലക്ട്രോണിക് ത്രാസുകൾ സ്ഥാപിച്ച് കൃത്യമായ അളവിൽ റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ പൊതുവിതരണ സമ്പ്രദായം സുതാര്യമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാ/താലൂക്ക്, മുനിസിപ്പൽ/പഞ്ചായത്ത് തലത്തിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) സാധനങ്ങളുടെ സ്റ്റോക്കും അളവും, വിലയും കടകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാർഡുടമകൾ കാണത്തക്കവിധത്തിൽ കടയിലൂടെ വിതരണംചെയ്യുന്ന സാധനങ്ങളുടെ സ്റ്റോക്കും വിലയും വിതരണത്തോതും കാണിക്കുന്ന ബോർഡുകൾ എല്ലാ കടകളിലും പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) റേഷൻ കരിഞ്ചന്ത തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; കരിഞ്ചന്തയുമായി ബന്ധപ്പെട്ട് എത്ര കടകളെ സംസ്ഥാനത്ത് സസ്പെന്റ് ചെയ്തു; സസ്പെന്റ് ചെയ്ത കടകൾ അവിടെത്തന്നെ മറ്റൊരാൾക്ക് പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകുമോ?

(ഡി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ തടയുന്നതിനായി പൊതുവിതരണ വകുപ്പ് ശക്തമായി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എ.ആർ.ഡി./ എ.ഡബ്ള്യൂ.ഡി.കൾ നിരന്തരം പരിശോധിക്കുകയും ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. എഫ്.സി.ഐ. യിൽ നിന്നും ലിഫ്റ്റ് ചെയ്യുന്ന സാധനങ്ങൾ കൃത്യമായും എ.ആർ.ഡി./ എ.ഡബ്ള്യൂ.ഡി.കളിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി റേഷനിംഗ് ഇൻസ്പെക്ടർമാരെ എഫ്.സി.ഐ. ഡിപ്പോകളിൽ നിയോഗിക്കാറുണ്ട്. റേഷൻ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നവർക്കെതിരെ അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കിവരുകയും ചെയ്യുന്നു. കരിഞ്ചന്തയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 121 കടകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്. സസ്പെന്റ് ചെയ്ത കടകൾ അവിടെത്തന്നെ മറ്റൊരാൾക്ക് പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകാറില്ല. സസ്പെന്റ് ചെയ്ത റേഷൻകട ഏറ്റവും അടുത്തുള്ള റേഷൻ കടയിൽ അറ്റാച്ച് ചെയ്യുന്നതിനാണ് നിലവിൽ അനുമതി നൽകുന്നത്.

സെക്ഷൻ ഓഫീസർ